*“അന്ത്യ കാഹളനാദത്തിങ്കൽ (കർത്താവിന്റെ രണ്ടാം വരവിൽ) പെട്ടെന്ന് കണ്ണിമയ്ക്കുന്നതിനിടയിൽ നാം എല്ലാവരും രൂപാന്തരപ്പെടും. കാഹളം ധ്വനിക്കും. മരിച്ചവർ അക്ഷയരായി ഉയർക്കുകയും നാം രൂപാന്തരപ്പെടുകയും ചെയ്യും.” (1കൊരിന്ത്യർ 15:52)*

ക്രിസ്തുവിന്റെ കല്പനകളെ അനുസരിച്ച് ജീവിക്കുന്ന വിശുദ്ധന്മാരെ തന്റെ മടങ്ങി വരവിൽ ഉയർപ്പിച്ച് തന്നോടു കൂടെ നിത്യതയിലേക്ക് കൊണ്ടുപോകും എന്നുള്ളത് മാറ്റമില്ലാത്ത വാഗ്ദത്തമാണ്. അവിടുത്തെ വചനങ്ങൾ നമുക്ക് പൂർണ്ണമായി വിശ്വസിക്കാം. “മരുന്നു കൊണ്ട് മരണത്തെ ദീർഘിപ്പിക്കാം. എങ്കിലും മരണം ഡോക്ടറേയും കീഴ്പ്പെടുത്തും” എന്ന മഹത് വ്യക്തികളുടെ വാക്കുകൾ എത്ര യാഥാർത്ഥ്യമാണ്.

പ്രിയ സുഹൃത്തെ,

യേശു ക്രിസ്തുവിന്റെ ഈ വചനങ്ങളിലൂടെ മനുഷ്യജീവിതത്തിന് മരണാനന്തരം ഒരു നിത്യത ഉണ്ട് എന്നും ആ നിത്യതയിൽ എത്തിക്കുവാൻ യേശുവിന് കഴിയും എന്നുള്ള ഉറപ്പും നമുക്ക് ലഭിക്കുന്നു. നാം ചെയ്യേണ്ടത് യേശുവിൽ വിശ്വസിക്കുകയും അവിടുത്തെ കല്പനകളെ അനുസരിക്കുകയും ചെയ്യുക എന്നതത്രെ. മനുഷ്യന്റെ ആയുസ്സ് ഭൂമിയിൽ എത്രയോ ക്ഷണികമാണ്. അത് പൂവ് പൊഴിയുന്നതുപോലെ വേഗം തീരും. നിത്യത എന്നതോ അവസാനിക്കാത്തതാകുന്നു.


കൂടുതൽ വിവരങ്ങൾക്ക്

**മലങ്കര ക്രിസ്ത്യൻ ചർച്ച്**

**രാമമംഗലം – കോട്ടപ്പുറം**

**9447671477, 9846616536**




# ഇനി ഭയം എന്തിന്?

മനുഷ്യനായി പിറന്ന ഏതൊരു വ്യക്തിയുടേയും ജീവിതത്തിൽ ഒരിക്കലെങ്കിലും ഭയത്തിന്റെ സന്ദർഭം വരാതിരുന്നിട്ടുണ്ടാകുകയില്ല. ഭയം എന്നത് മനുഷ്യനെ പലപ്പോഴും ഉലച്ചിട്ടുള്ള യാഥാർത്ഥ്യമാണ്. പ്രകൃതിക്ഷോഭങ്ങൾ, കൊറോണ, നിപ്പ പോലെയുള്ള മഹാവ്യാധികൾ തുടങ്ങി മനുഷ്യജീവിതത്തെ ബാധിക്കുന്ന മറ്റ് ഇതര വിഷയങ്ങൾക്കു മുന്നിലും മനുഷ്യകുലം പതറിപ്പോകുന്നത് നാം നേരിൽ കണ്ടിട്ടുള്ള വസ്തുതകളാണ്. എന്താണ് മാനവരാശിയുടെ ഭയത്തിന്റെ പ്രധാന കാരണം? അത് മറ്റൊന്നുമല്ല മരണം എന്ന മൂന്നക്ഷരം തന്നെയാണ്. സന്തോഷകരമായ ജീവിതത്തിന്റെ നാളുകളിൽ പലരേയും മരണം കവർന്നെടുത്തിട്ടുള്ളത് നാം നമ്മുടെ കണ്ണാൽ കണ്ടിട്ടുള്ളതാണ്. മാരകമായ മഹാമാരികളും യുദ്ധങ്ങളും മൂലം എത്രയോ മനുഷ്യ ജന്മങ്ങളാണ് ഭൂമിയിൽ നിന്ന് മാറ്റപ്പെട്ടു

പോയത്. കോവിഡ് എന്ന മാരക വൈറസ് ബാധിച്ച് ഞാനും മരണപ്പെട്ട് പോകുമോയെന്ന് ചിന്തിച്ച നാളുകൾ ഉണ്ടായിട്ടുണ്ട്.

ലോകത്തിൽ മനുഷ്യരുടെ ഏറ്റവും വലിയ ഭയമെന്നുള്ളത് മരണഭയം തന്നെയാണ്. എന്താണ് ഇതിന്റെ പ്രധാന കാരണം? മരണത്തോടു കൂടെ എല്ലാം അവസാനിച്ചു എന്ന ചിന്തയാണ് അതിന്റെ അടിസ്ഥാനം. മരിക്കുവാൻ ആർക്കും താല്പര്യമില്ല. എന്നാൽ മരണത്തെ മാറ്റിനിർത്തുവാനായി കഴിയുകയുമില്ല. ക്ഷണികമായ ഒരു കാലയളവിൽ ഭൂമിയിൽ ജനിച്ച് ജീവിച്ച് ഒരു നാളിൽ പെട്ടെന്ന് മാറ്റപ്പെട്ടു പോകുന്നവനാണ് മനുഷ്യൻ. മരണാനന്തര ജീവിതഭദ്രതയ്ക്കു വേണ്ടി എത്രയോ പണമാണ് ചിലവഴിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ ഇവയാലൊന്നും ഒരു വ്യക്തിക്കു നിത്യത ഉറപ്പാക്കി കൊടുക്കുവാൻ സാധിക്കുകയില്ലെന്ന് ബൈബിൾ വ്യക്തമാക്കുന്നു. മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള തിരിച്ചറിവ് വ്യക്തികളെ മരണഭയത്തിൽ നിന്ന് രക്ഷിച്ച് സന്തോഷവാനാക്കി സമാധാനത്തിൽ ജീവിക്കുവാൻ സഹായിക്കുന്നു.

ദൈവം ഭൂമിയിൽ ഏറ്റവും വിലയുള്ളതായി കാണുന്നത് തന്റെ സൃഷ്ടിയായ മനുഷ്യനെ തന്നെയാണ് (മത്തായി 16:26). അതുകൊണ്ടാണല്ലോ പാപത്തിൽ വീണുപോയ മാനവരാശിയെ രക്ഷിപ്പാൻ യേശു സ്വർഗ്ഗം വെടിഞ്ഞു ഭൂമിയിൽ വന്നത്. പ്രിയ സ്നേഹിതാ, താങ്കൾക്ക് മരണാനന്തര ജീവിതത്തെക്കുറിച്ച് അറിയുവാനും നിത്യത ഉറപ്പു വരുത്തുവാനും ആഗ്രഹമുണ്ടോ? എങ്കിൽ കർത്താവിന്റെ വചനങ്ങളെ വിശ്വസിക്കുക. *"യേശു മരിക്കയും ജീവിച്ചെഴുന്നേൽക്കുകയും ചെയ്തു എന്ന് നാം വിശ്വസിക്കുന്നു എങ്കിൽ അങ്ങനെ തന്നെ ദൈവം നിദ്രകൊണ്ടവരെയും അവനോട് കൂടെ ഉയിർപ്പിക്കും" (1 തെസ്സലോനിക്യർ 4:14)*

യേശുക്രിസ്തു എന്റെ പാപങ്ങൾക്കു വേണ്ടി മരിച്ച്, അടക്കപ്പെട്ട് ഉയർത്തെഴുന്നേറ്റു എന്ന് വിശ്വസിക്കുന്നു എങ്കിൽ ദൈവം നമ്മെയും ഉയർപ്പിക്കും.

*"നീ മർത്യനെ പൊടിയിലേക്ക് മടങ്ങിചേരുമാറാക്കുന്നു. മനുഷ്യപുത്രന്മാരെ തിരികെ വരുവിൻ എന്നരുളി ചെയ്യുന്നു" (സങ്കീർത്തനങ്ങൾ 90:3)*

*"നീ ഞങ്ങളെ വീണ്ടും ജീവിപ്പിക്കും. ഭൂമിയുടെ ആഴങ്ങളിൽ നിന്ന് ഞങ്ങളെ തിരികെ കയറ്റും" (സങ്കീർത്തനങ്ങൾ 71:20)*

ദൈവത്തിൽ വിശ്വസിക്കുകയും പ്രത്യാശ വയ്ക്കുകയും ചെയ്യുന്ന ഭക്തർക്ക് നിത്യത ഉറപ്പു തരുന്നതാണല്ലോ മേൽപ്പറഞ്ഞ വാക്യങ്ങൾ. മണ്ണാകുന്ന മനുഷ്യൻ ഒരു നാളിൽ മണ്ണിലേക്കു മടങ്ങിപ്പോകേണ്ടി വരും എന്നാൽ ദൈവത്തിന് നമ്മെ മടക്കി വരുത്തുവാൻ കഴിയും.

യേശുക്രിസ്തു പറഞ്ഞു.

*"ഞാൻ മരിച്ചവനായിരുന്നു. എന്നാൽ ഇതാ എന്നന്നേക്കും ജീവിച്ചിരിക്കുന്നു. മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ എന്റെ കൈവശമുണ്ട്. (വെളിപ്പാട് 1:18)*

യേശു മരിച്ചിട്ട് ഉയർത്തെഴുന്നേറ്റ് ജീവിക്കുന്നവനാകയാൽ മരിച്ചവരെ ഉയിർപ്പിപ്പാൻ അവൻ ശക്തനാകുന്നു.

*"അവൻ സകലതും തനിക്ക് കീഴ്പ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപരശക്തികൊണ്ട് നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോടു അനുരൂപമായി രൂപാന്തരപ്പെടുത്തും" (ഫിലിപ്യർ 3:21)*

യേശുവിന്റെ ഭൂമിയിലെ ജീവിത കാലയളവിൽ മരിച്ച പലരേയും ഉയർപ്പിച്ചതായി നമുക്ക് അറിയാം. അതിൽ ഒരാളാണ് ലാസർ എന്ന വ്യക്തി. ലാസർ മരിച്ചിട്ട് നാലാം നാൾ അവനെ ഉയർപ്പിച്ചു എന്നത് ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നു. (യോഹന്നാൻ 11:43-44)

*"എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്കയില്ല" (യോഹന്നാൻ 11:25-26)*

ജീവിച്ചിരിക്കുന്ന സമയത്ത് യേശുവിനെ അറിയേണ്ട വണ്ണം അറിഞ്ഞ് ജീവിക്കുന്നവൻ നിത്യമായി ജീവിയ്ക്കും.